# സ്ഥാപന ശുദ്ധീകരണം

## (BLESSING OF AN INSTITUTION)



**St. Thomas Orthodox Vaidika Sanghom**

**Delhi Diocese**

# സ്ഥാപന ശുദ്ധീകരണം

**(കൗമാ)**

പട്ട: ശുബഹോ......

ബലവാനും കാരുണ്യവാനും മനുഷ്യസ്നേഹവാനുമായ ദൈവമായ കർത്താവേ! ഭയഭക്തിയോടെ നിന്റെ സന്നിധിയിൽ നിൽപ്പാനും, പ്രകാശത്തോടും വിശുദ്ധിയോടും കൂടി നിനക്ക് ശുശ്രൂഷിപ്പാനും, തിരുവിഷ്ട പ്രകാരം നിന്നെ പ്രസാദിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമേ......... ഞങ്ങളുടെ കർത്താവേ! ഈ സ്ഥാപനത്തെ നീ ഐശ്വര്യപ്പെടുത്തുകയും ഇതിൽ പ്രവർത്തിക്കുന്നവർ ഇതുമൂലം നന്മ അനുഭവിപ്പാൻ ഇടയാകുകയും ചെയ്യേണമേ. ഇതിൽ ആവശ്യമായിരിക്കുന്ന സകലത്തേയും നീ സജ്ജീകരിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ! എന്നേക്കും ഞങ്ങളുടെ ആയുഷ്കാലമെല്ലാം നിന്റെ സന്നിധിയിൽ നിന്നു കൃപയും കരുണയും ഞങ്ങൾക്കു ലഭിക്കുകയും ചെയ്യുമാറാകണമേ.......ഹോശോ...

**<u>സങ്കീർത്തനം 112</u>**

യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും, ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും. അവന്റെ നീതി എന്നേക്കും നിലനിൽക്കും.

നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു. അവൻ കുപയും കരുണയും നീതിയും ഉള്ളവനാകുന്നു.

കൃപതോന്നി വായ്പ കൊടുക്കുന്നവൻ ശുഭമായിരിക്കും, വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും.

അവൻ ഒരു നാളും കുലുങ്ങിപ്പോകയില്ല. നീതിമാൻ എന്നേക്കും ഓർമ്മയിലിരിക്കും

ദുർവർത്തമാനം നിമിത്തം അവൻ ഭയപ്പെടുകയില്ല. അവന്റെ ഹൃദയം, യഹോവയിൽ ആശ്രയിച്ച് ഉറച്ചിരിക്കും.

അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു. അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവർത്തിച്ചുകാണും.

അവൻ വാരി വിതറി ദരിദ്രന്മാർക്ക് കൊടുക്കുന്നു. അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു. അവന്റെ കൊമ്പ് ബഹുമാനത്തോടെ ഉയർ

ന്നിരിക്കും. ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

പട്ട:ശുബഹോ.......മെനഓലം.......

നാഥാ നിൻ രാജ്യത്തിൻ മഹിമാഗമനേ
സ്ലീബാ ചിറകാൽ ഞങ്ങളെ മുടിക്കൊള്ളേണമേ!
സ്തൗമെൻ

## OR

**(കുക്കിലിയോൻ 1–ാം രാഗം)**

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ! ഹാ......
നീയെൻ ശരണം ലജ്ജി–ക്കരുതേ ഞാൻ

വൈരികളെന്നെച്ചൊല്ലിപ്പുകഴരുതേ ഹാ....ഹാ....
ലജ്ജിക്കരുതേ നിന്നാ–ശ്രിതരാരും

ദോഷികൾ നാണിക്കും പാഴ്പ്പണിയിൽ,,ഹാലേ......
നാഥാ! നിൻ പാതകളെന്നെ കാട്ടിടുക

അറിയിക്കണമെന്ന നിൻ ചെറുവഴികൾ ...ഹാലേ
നേരിൽ നയിച്ചെന്നെപ്പരിശീ–ലിപ്പക്ക

ബാറെക്മോർ ശുബഹൊ – മെനഓലം...

## എക്ക്ബൊ

**(ലിൻബീയൊ)**

നരവത്സലനേ! ജലനിധിയിൽ
നിബി യോനായെ വീണ്ടവനേ!
ദുരിതമഹാജല നിധിയതിൽ നി–ന്നടിയാരെ വീണ്ടിടേണം.
സ്തൗമെൻ................

**(മാർ അപ്രേം)**

ഭൂതലവാസികളെ നിങ്ങൾ നാഥനെ വാഴ്ത്തിൻ മോദത്താൽ
തൻ ദയ നമ്മൾക്കെന്നെന്നും ദുർഗ്ഗം, താൻ രാജൻ, നിത്യൻ.

# പ്രൊമിയോൻ

പാപികൾക്കായി തുറന്നിട്ടിരിക്കുന്ന കരുണയുടെ വാതിലും മരണമുള്ളവരെ ജീവിപ്പിച്ചതായ രക്ഷയുടെ തുറമുഖവും അശുദ്ധരെ വെടിപ്പാക്കുന്ന സോപ്പായും മലിനരെ വെണ്മയാക്കുന്ന തളിപ്പുമായ കർത്താവിന് സ്തുതി. തന്റെ ദാസരുടെ ഈ സ്ഥാപനം ശുദ്ധീകരിക്കപ്പെടുന്ന ഈ സമയത്തും...........

ബ്കുലഹുൻ

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്ക് ഉത്തരമരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ. ആദ്യകടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച അംഗീകരിക്കപ്പെട്ടതുപോലെ ഞങ്ങളുടെ ധൂപത്തേയും കൈക്കൊള്ളേണമേ. ഹാനോക്ക് തന്റെ ശുശ്രൂഷമൂലം നിന്നെ പ്രീതിപ്പെടുത്തിയതുപോലെ ഞങ്ങളുടെ ശുശ്രൂഷയും നിനക്ക് പ്രീതികരമായിത്തീരണമേ. നീതീമാനായ നോഹിന്റെ ബലിയിൽ നീ സംപ്രീതനായിത്തീർന്ന പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ നീ പ്രീതിപ്പെടുമാറാകണമേ. കർത്താവേ! ഞങ്ങളുടെ പിതാവും നിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം നിനക്ക് ആനന്ദകരമായിത്തീർന്നതുപോലെ ഞങ്ങളുടെ പ്രാർത്ഥന നിന്നെ ആനന്ദിപ്പിക്കുമാറാകണമെ! നീതിമാനായ ഇയ്യോബിന്റെയടുക്കൽ ദുഷ്ടൻ ലജ്ജിതനായതുപോലെ ഈ സ്ഥാപനത്തിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിതനായി പോകുവാൻ ഇടയാകണമേ. നോഹിനേയും മക്കളേയും മൃഗങ്ങളേയും പക്ഷികളേയും ഇഴജന്തുക്കളേയും ജലപ്രളയത്തിൽ നിന്ന് പെട്ടകത്തിൽ നീ സംരക്ഷിച്ചതുപോലെ ഈ സ്ഥാപനത്തേയും ഇതിലെ പ്രവർത്തകരെയും നീ സംരക്ഷിച്ചുകൊള്ളേണമേ. നിന്റെ സ്നേഹിതനായ അബ്രഹാമിനെ രാജാക്കന്മാരുടെ വാളിൽ നിന്ന് രക്ഷിച്ച് അവനേയും അവന്റെ സമ്പത്തുകളേയും അനുഗ്രഹിച്ചപ്രകാരം ഈ നിന്റെ ദാസനേയും ഈ സ്ഥാപനത്തേയും പ്രവർത്തകരേയും നീ അനുഗ്രഹിക്കണമേ. ലാബാന്റെ ഭവനത്തിൽ വച്ച് യാക്കോബിനെ നീ കാത്ത് അവനെ വലിയവനാക്കി സമ്പാദ്യങ്ങൾ വർദ്ധിപ്പിച്ച് കൊടുത്തതുപോലെ ഈ സ്ഥാപനം ഐശ്വര്യമുള്ളതായിത്തീരുകയും തന്മൂലം നിന്റെ ദാസർ ഇതിൽ നിന്നും നന്മ അനുഭവിക്കുകയും ചെയ്യുമാറാകണമേ... മിസ്രേമിൽ വച്ച് യൗസേഫിനെ നീ രക്ഷിച്ച് രാജാവും നാഥനുമാക്കിത്തീർക്കുകയും അവന്റെ സമ്പാദ്യങ്ങളും വരവുകളും വർദ്ധിപ്പിക്കുകയും അപകടങ്ങളിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്തതുപോലെ ഈ സ്ഥാപനത്തേയും ഇതിലെ പ്രവർത്തകരേയും നീ കാത്തുകൊള്ളേണമെ.......അനേകർക്ക് സഹായം ചെയ്യുന്നതും, അനേക

രാൽ സഹായിക്കപ്പെടുന്നതുമായ ഒരു സ്ഥാപനമായി ഇതിനെ നീ ആക്കി ത്തീർക്കേണമേ.... ഇതിലെ കുറവുകളെ നീ പരിഹരിക്കുകയും നന്മകളെ മുപ്പതും അറുപതും നൂറും മേനിയായി വർദ്ധിപ്പിക്കുകയും ചെയ്യേണമേ. ഇതിലെ പ്രവർത്തകർ പരസ്പരം സ്നേഹിക്കുന്നവരും സേവിക്കുന്നവരും ആയിരിക്കേണമേ. ലോകം അതിന്റെ വഞ്ചന നിറഞ്ഞതായ സംസർഗ്ഗങ്ങളാൽ ഇതിനെ കീഴ്പ്പെടുത്തുവാൻ ഇടയാകരുതേ. ഈ സ്ഥാപനത്തിന്റെ അഭിവൃദ്ധികണ്ട് ആനന്ദിപ്പാൻ ഞങ്ങൾക്ക് സംഗതിയാകണമേ. ഞങ്ങളെല്ലാവരും ഏക കൂട്ടമായി നിന്നു കൊണ്ട് നിനക്കും നിന്റെ പിതാവിനും വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.....

## ബോവൂസോ

അൻപുടയോനേ നിൻ വാതിൽ, മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും അടിയാരേ തള്ളിടല്ലേ

അലിവൊടു ശിക്ഷിച്ചടിയാരെ അരിശം നീക്കിക്കാക്കേണമെ
വാതിൽ തുറന്നീ പ്രാർത്ഥനയിൽ നാദം കേട്ടേകീടണമെ

നിന്നെ വിളിക്കുന്നേ നാഥാ! നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ നൽകണമേ യാചിപ്പുകളെ

കർത്താവേ കാരുണ്യത്താൽ കനിവടിയാരിൽ ചെയ്യണമെ
നന്മനിറഞ്ഞോനേയെന്റെ തിന്മകളെ നീയോർക്കരുതേ.

## OR

## മൽക്കൂസ്റൌമൊ

വാഴ്വേറ്റബ്രഹാം – താതൻ തൻ ഭവനം
    മൂന്നു പൂമാന്മാരാൽ
    സാക്ഷാൽ മണവാളൻ മിശിഹാ
    സക്കായ് ഭവനത്തെ വാഴ്ത്തി
സ്വാരാധകമേ–റിയവീട്ടിൽ–തിത്വം വാണീണമേ നൽ–

ഏ–ലിയാവീ–ന്നാശീർവാദത്താൽ, വിധവാഗേഹത്തിൽ
    കൂംഭ–ത്തിൽ ധാന്യപ്പൊടിയും
    കൊമ്പിൽ തൈലവുമറ്റില്ല
ആ വരമാർന്നീടട്ടേ നിൻ–ഭക്തരണഞ്ഞൊരു ഭവനം നൽ
തലമുറയാ–ലിതു വാഴ്ത്തപ്പെടണം

മൊറിയൊ.......

## എത്രോ

നിങ്ങൾ ചെല്ലുമ്പോൾ നിങ്ങളെ സ്വീകരിക്കുന്ന ഏതുഭവനവും എന്നെയാകുന്നു സ്വീകരിക്കുന്നതെന്നു തന്റെ പരിശുദ്ധ ശിക്ഷ്യന്മാരോട്

അരുളിച്ചെയ്തവനായ മിശിഹാ തമ്പുരാനേ! നിന്റെ ആരാധകരുടെ ഈ സ്ഥാപനത്തെ അനുഗ്രഹിക്കുകയും നിന്റെ പരിശുദ്ധ നാമംമൂലം നിന്റെ ഈ ദാസരെ സന്തോഷിപ്പിക്കുകയും ചെയ്യേണമേ. സന്തോഷവും ആനന്ദവും നിറഞ്ഞ പ്രസന്ന മുഖങ്ങളോടുകൂടെ നിന്നിൽ നിന്ന് രണ്ടുലോകങ്ങളിലും നല്ല പ്രതിഫലം പ്രാപിക്കുവാൻ ഇവർക്ക് കൃപ നൽകുകയും ചെയ്യണമേ ......... മോറാൻ.............

## പെത്ഗോമോ

ഹാലേലൂയ്യാ-ഉഹാലേലൂയ്യാ-നാഥാ! നിൻ വെളിവും വിശ്വാസമതും നൽകീടേണമേ, സാന്ത്വനമരുളിപ്പാവന ഗിരിശിബിരങ്ങളിലേക്ക് നയിച്ചീടണമെന്നെ, ഹാലലൂയ്യാ.

## ഏവൻഗേലിയോൻ

(വി. മത്തായി 25:14–19)

ഒരു മനുഷ്യൻ പരദേശത്തുപോകുമ്പോൾ ദാസന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏൽപിച്ചു ഒരുത്തന് അഞ്ച് താലന്ത്, ഒരുവന് രണ്ട്, ഒരുവന് ഒന്ന് ഇങ്ങനെ ഒരോരുത്തന് അവനവന്റെ പ്രാപ്തിപോലെ കൊടുത്ത് യാത്രപുറപ്പെട്ടു. അഞ്ചുതാലന്ത് ലഭിച്ചവൻ ഉടനെ ചെന്ന് വ്യാപാരം ചെയ്ത് വേറെ അഞ്ച് താലന്ത് സമ്പാദിച്ചു. അങ്ങനെ തന്നെ രണ്ട് താലന്തു ലഭിച്ചവൻ വേറെ രണ്ട് കൂടി നേടി. ഒന്നു ലഭിച്ചവനോ പോയി നിലത്ത് ഒരു കുഴി കുഴിച്ച് യജമാനന്റെ ദ്രവ്യം മറച്ചുവച്ചു. ഒളരെക്കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കുതീർത്തു. അഞ്ച് താലന്ത് ലഭിച്ചവൻ അടുത്ത് വന്ന് യജമാനനേ അഞ്ചുതാലന്തല്ലയോ എന്നെ ഏൽപ്പിച്ചത്, ഞാൻ അഞ്ചുകൂടി നേടിയിരിക്കുന്നു എന്ന് പറഞ്ഞു. അതിന് യജമാനൻ നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അൽപ്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്ന് അവനോട് പറഞ്ഞു. രണ്ട് താലന്ത് ലഭിച്ചവനും അടുക്കൽ വന്നു. യജമാനനേ രണ്ടു താലന്തല്ലയോ എന്നെ ഏൽപ്പിച്ചത്. ഞാൻ രണ്ട് താലന്തുകൂടി നേടിയിരിക്കുന്നു എന്ന് പറഞ്ഞു. അതിന് യജമാനൻ നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പത്തിൽ വിശ്വസ്തനായിരുന്നു ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്ന് അവനോട് പറഞ്ഞു. ഒരു താലന്ത് ലഭിച്ചവനും അടുത്ത് വന്നു. യജമാനനേ! നീ വിതയ്ക്കാത്തിടത്ത് നിന്ന് കൊയ്യുകയും വിതറാത്തിടത്ത് നിന്ന് ചേർക്കുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്ന് ഞാൻ അറിഞ്ഞ് ഭയപ്പെട്ട് ചെന്ന് നിന്റെ താലന്ത് മറച്ചുവച്ചു. നിന്റേത് ഇതാ, എടുത്തുകൊൾകാ എന്ന്

പറഞ്ഞു. അതിന് യജമാനൻ ഉത്തരം പറഞ്ഞത് ദുഷ്ടനും മടിയനുമായ ദാസനെ! ഞാൻ വിതയ്ക്കാത്തിടത്ത് നിന്ന് കൊയ്യുകയും വിതറാത്തിടത്തു നിന്ന് ചേർക്കുകയും ചെയ്യുന്നവൻ എന്ന് നീ അറിഞ്ഞുവല്ലോ. നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാരെ ഏൽപ്പിക്കേണ്ടിയിരുന്നു. എന്നാൽ ഞാൻ വന്ന് എന്റേത് പലിശയോടുകൂടി വാങ്ങിക്കൊള്ളുമായിരുന്നു. ആ താലന്ത് അവന്റെ പക്കൽ നിന്നെടുത്ത് പത്ത് താലന്തുള്ളവന് കൊടുപ്പിൻ. എന്തു കൊണ്ടെന്നാൽ ഉള്ളവന് ഏവനും ലഭിക്കും. അവന് സമൃദ്ധിയുണ്ടാകും. ഇല്ലാത്തവനോടോ, ഉള്ളതും കൂടെ എടുത്തുകളയുകയും ചെയ്യും, എന്ന് താൻ കൽപ്പിച്ച് അരുളിചെയ്തു.

## ബോവൂസാ

കർത്താവേ നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം

ഗുഢം വീട്ടിൽ പ്രാർത്ഥിപ്പതിലാണുടയോനിഷ്ടം
ശബ്ദത്താലല്ലാർന്നതു ഭാഗ്യം ധർമ്മിഷ്ഠന്മാർ

സൗമ്യൻ മോശ പ്രാർത്ഥനമൂലം ഭാഗിച്ചാഴി
കൂട്ടം നീങ്ങി ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയി

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകീ വീണ്ടും പ്രവചനശക്തി

ചുളയ്ക്കുള്ളിൽ ഹാനനിയന്മാർ പ്രാർത്ഥിച്ചപ്പോൾ
തീക്കുണ്ഡത്തീന്നവരെ ദൈവം സംരക്ഷിച്ചു

നിര്യാണം ന്യായത്തിൻപീഠം നരകം മൂന്നും
ഭിയേറ്റിടുന്നേൻ കർത്താവേ എന്നുള്ളത്തിൽ
ഹേം........

മൊറിയോറാ

## ശുദ്ധീകരണ പ്രാർത്ഥന

ദൈവാധിദൈവവും കർത്താധികർത്താവും വിശ്വാസപൂർവ്വം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്നവനുമായ മശിഹാ തമ്പുരാനേ, അവിടുന്ന് പരിശുദ്ധനും പരിശുദ്ധന്മാരെ വിശുദ്ധീകരിക്കുന്നവനുമാകുന്നു വല്ലോ. നിന്റെ വചനത്താലും പ്രവൃത്തിയാലും നീ സകലത്തേയും ശുദ്ധീകരി ക്കുന്നു. ഇപ്പോൾ കർത്താവേ, നിനക്ക് തിരുവിഷ്ടം തോന്നി തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ സ്ഥാപനത്തേയും ഇതിലുള്ള സകലരേയും സകല ത്തേയും ശുദ്ധീകരിക്കേണമേ. ഇതിൽ പ്രവർത്തിക്കുന്ന എല്ലാവരിൽ നിന്നും കോപവടികളും, കഠിന ശിക്ഷകളും വിവിധതര രോഗങ്ങളും, എല്ലാ അപക ടങ്ങളും കരുണയോടെ നിരോധിച്ച് ഇല്ലായ്മ ചെയ്യേണമേ. ഞങ്ങളുടെ ദൈവമായ മശിഹാ തമ്പുരാനേ നിന്റെ മാതാവിന്റെയും, പരിശുദ്ധശ്ലീഹാന്മാ

രുടേയും പ്രത്യേകാൽ പരിശുദ്ധനായ മാർ................യും മദ്ധ്യസ്ഥതയാൽ ഈ സ്ഥാപനത്തെ വാഴ്ത്തി ശുദ്ധീകരിക്കേണമേ. എന്തുകൊണ്ടെന്നാൽ കർത്താവേ നീ മാത്രം കാരുണ്യവാനും പിതാവിനോടും, പരിശുദ്ധ റൂഹാ യോടും കൂടെ പരിശുദ്ധനുമാകുന്നുവല്ലോ. ഹോശാ..........

## വെള്ളം വാഴ്ത്തുന്ന പ്രാർത്ഥന

സ്ഥാപനശുദ്ധീകരണത്തിനായുള്ള തളിപ്പായിതീരുവാൻ തക്കവണ്ണം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

ബാറെക്മോർ......... ബശ്മോദാബോ...

***അനന്തരം സ്ഥാപനത്തിൽ കുരിശടയാളം വരച്ചുകൊണ്ട്***

ഒന്നായിരിക്കുന്ന പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധറൂഹായുടേയും + നാമത്തിൽ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെടുന്ന ഈ സ്ഥാപനം എന്നന്നേയ്ക്കും അനുഗ്രഹിക്കപ്പെട്ട് വെടിപ്പുള്ളതായിതീരട്ടെ.

ബാറെക്മോർ.........

മാതാവും ശുദ്ധന്മാരും
അർപ്പിക്കും മദ്ധ്യസ്ഥതയാൽ
വാഴ്വമ്പോടീ സ്ഥാപനത്തിൻ
ദാസർക്കും, നാഥാ! നൽക

**OR**

മാതാവും ശുദ്ധന്മാരും
അർപ്പിക്കും മദ്ധ്യസ്ഥതയാൽ
വാഴ്വമ്പോടീ വീടിന്നും
വീട്ടാർക്കും, നാഥാ! നൽക

ദൈവമായ കർത്താവേ! കൂദാശയാൽ ഈ സ്ഥാപനത്തെയും ഇതിലുള്ളവരെയും ശുദ്ധീകരിച്ച അങ്ങയുടെ കൃപയ്ക്കായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഈ സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും എന്നും തിരുനാമ മഹത്വത്തിനായിതീരണമെ. ആയത് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും തന്നെ, ആമ്മീൻ

വിശ്വാസപ്രമാണം

കുക്കിലിയോൻ

ആശീർവ്വാദം

# THE BLESSING AND DEDICATION OF AN INSTITUTION

**Priest:** In the Name of the Father, and of the Son and the Holy Spirit, one true God.

**People: As it was in the beginning, is now and ever shall be world without end. Amen**

**Priest:** Holy, Holy, Holy Lord God Almighty, Heaven and earth are full of Thy Glory, Hosanna in the Highest.

**People: Blessed is He, who has come and is to come, in the name of the Lord, Hosanna in the Highest**

## THE KAUMA

**Priest:** Holy art Thou, O God

**People: Holy art Thou, Almighty.**
**Holy art Thou, Immortal**
**+ Crucified for us, have mercy on us. (Repeat - 3- times).**

**Priest:** Lord have mercy on us

**People: Lord, be kind and have mercy,**
**Lord, accept Thou our service and our prayers, have mercy on us**

Priest: Glory be to Thee, O God

**People: Glory be to Thee, O Creator**
**Glory be to Thee, O Christ, King who has compassion on us, Thy sinful servants. Barekmor**

## LORD'S PRAYER

Our Father, who art in heaven, hallowed be Thy Name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our trespasses as we forgive those who trespass against us. Lead us not into temptation, but deliver us from the evil one. For Thine is the Kingdom the Power and the Glory, for ever and ever. Amen

## PEACE BE UNTO MARIAM

Peace be unto you, Mariam, full of Grace, our Lord is with you, blessed are you among women and blessed is the fruit of your womb, our Lord Jesus Christ. Holy Virgin Mariam, mother of God, pray for us sinners now and at all times, and at the hour of our death. Amen

## OPENING PRAYER

+Glory be to the father, Son and the Holy spirit

May His grace and mercy be upon us weak and sinful, in both worlds, forever and ever.

+ O! Lord God, Almighty, Merciful and Lover of mankind! Thou art the creator, sustainer and redeemer of everything. Enable us to stand before your divine presence with fear and devotion, serve you with an enlightened mind and in holiness, and to please Thee by our virtuous actions, according Thy will. Make the hard works and toils in our life be fruitful and pleasing to you; and may our works and efforts be useful to many other people. God the father! Your only begotten Son , our Lord Jesus Christ lived in the house of Joseph the carpenter, and transformed it to a house of God. In the same way, through Your Son bless our works and work places, our toils and vocations. Give us the strength to live by working hard according to our ability. Our Lord and God forever! May we receive mercy and grace from your divine presence Now and always forever.

## KUKILION

Blessed is he who keeps the fear of the Lord- Hal- Hal
And delights keeping His commandments.
Light dawns upon the righteous in darkness - Hal Hal
Mercy and Grace of God shall follow him. Barekmor.

+Glory be to the Father, Son and Holy Ghost
Unto the ages and for ever more.

## EKBO (MAR EPHPREM)

Righteous shall re-ceive blessing
From God in ge-nerations
Plentiful they get from Him
Riches and abou-nding Grace
Stoumen kaaalos.............Kurieleison

+ Let us all beseech the Lord for grace and mercy!
O! Merciful Lord, have mercy upon us and help us!
+ Glory and thanksgiving , praise and adoration and exaltation unceasing, truly at all times And hours, may we ascribe unto Thee, O! Lord.

## PROMEON

O! Lord our God, Thou art the creator and sustainer of all ; the earth and its fullness belong to you. Thou show mercy on those who call upon Thee, and fill them with good things and virutes. Those ordained that human beings shall subsist with the sweat of their face; Thy people take too many toils and vocations for their livelihood. Transform and order them all as to suit Thy Holy will, and serve the needs of your people. Lord! Mercifully bless this institution of your servant/ being opened by your servant. We pray for this institution, offering it before your loving presence. To Thee be glory and honour and worship at this time of the blessing and dedication of this institution, at all festivals, seasons and hours and all the days of our life.

## SEDRO

O, Lord God! who accepts prayers and answer our petitions! We now offer before you our humble entreaties and prayers. Accept our petitions like the offering of Abel, the just; and the service of Enoch who walked along with you. Lord! may our prayers be pleasing to you just as the faith of Abraham, our father and your friend was pleasing to you. You blessed and protected Jacob at the household of Laban; made him great and increased his earnings, in the same way bless this institution, and let your servant(s) and many others receive goodness through it. Keep this institution undefiled by greed, injustice and deceit. May the income and expenditure being handled here be kept in righteousness and for the glory of your Holy Name. Lord! give the proper sense of direction and guidance to these your servants, for its successful functioning. Lead it in the path of steady progress. Keep its management personnel and workers from dangers and evils. Make it to grow as a model institution growing with the support of many; and giving support and assistance to many deserving people.

Lord! bless its owners and the members and the staff. Grant good vision and intution to those who work here. May they love each other, be service minded, and be always ready to work for the good and progress of this institution. May this institution contribute to the progress and development of this place based on justice and human love. May peace, tranquillity and contentment abide here. Enable us all to rejoice by seeing the growth of this institution thirty, sixty and a hundred fold. Lord! give consolation and solace to our departed ones. May the intercession of St. Mary, Mother of God, and Thy saints especially St. Gregorios and St. Dionysius, be a stronghold and refuge for this institution. We raise up praise and adoration to you, your Only Begotten Son and your Holy spirit, now and forever, unto ages of ages.

From God, may we receive remission of debts and forgiveness of sins forever and ever. Amen.

## ENIONO

(Nadha-thavakamiru-lo-kam)

Thou, Lo-rd of heaven- and - earth
Adore we Thy ho-ly-Name!
We-now- make an o-ffering
Of this institu-te to-Thee

Ha-rd times- sorrows and -trials
Failure, -discord and -losses
Re-move- from this and -put it
On the path of pea-ce and -growth.

Mo-ther- of God, -apostles,
Martyrs- and -saints plead -for us
Lor-d! thou- receive their- prayers
And keep this house in- glory.

## BLESSING OF THE WATER TO BE SPRINKLED

This water is blessed so that it may become the sprinkling for the blessing, consolation, refuge and sanctification of the people of God, in the Name of the Father, Son and the Holy Spirit: Barekmor Bashmo......+++

By prayers of the Holy
Mother, saints and the martyrs
Lord! bless this institute and
Thy servant(s) who do(es) run it.

(The priest says this prayer as he seals the doors with the sign of the cross:)

This building/ institution, being sealed by the sign of the living and life-giving Holy Cross, is blessed and dedicated in the Name of the Father, Son and the Holy spirit. Barekmor. Bashmo............+++ Amen.

HOLY CREED, KUKKLION, BENDICITION

